THURSDAY 26-08-2021 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) – 26/08/2021

1. കേരള ക്ഷീരകർഷക ക്ഷേമ നിധി ബോർഡിൽ സംസ്ഥാനത്തെ അർഹരായ മുഴുവൻ ക്ഷീരകർഷകർക്കും അംഗത്വം ഉറപ്പാക്കുന്നതിനായി 'സമ്പൂർണ്ണ അംഗത്വ ക്യാമ്പയിന്റെ' ഉദ്ഘാടനം ഇന്ന് (2021 ആഗസ്റ്റ് 26 ന്) രാവിലെ 10 മണിക്ക് കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ച് മൃഗസംരക്ഷണ ക്ഷീരവികസന മൃഗശാല വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി നിർവ്വഹിക്കും.

2. കേരള കാർഷിക സർവകലാശാല നടത്തിവരുന്ന ഓർഗാനിക് അഗ്രികൾച്ചർ, അഗ്രികൾച്ചറൽ സയൻസസ് എന്നീ രണ്ട് ദ്വിവത്സര ഡിപ്ലോമ കോഴ്സുകളിലേക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാനുള്ള അവസരം ഇന്നു കൂടി (26-08-2021) ഉണ്ടായിരിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

3. വേങ്ങേരിയിലുള്ള കർഷക പരിശീലന കേന്ദ്രത്തിൽ (എഫ്.ടി.സി വേങ്ങേരി) വച്ച് നടത്തിവരുന്ന കൃഷിഭവനുകളിൽ ഇന്റേൺഷിപ്പിനുള്ള ഉദ്യോഗാർഥികളുടെ ഇന്റർവ്യൂ ഇന്നും (26-08-2021 ന്) രാവിലെ 10 മുതൽ വൈകീട്ട് 5 വരെ ഉണ്ടാകുമെന്ന് കോഴിക്കോട് ജില്ല പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ 9847402917

4. റബ്ബർബോർഡ് കോൾസെന്ററിന്റെ പ്രവർത്തനസമയം തിങ്കൾ മുതൽ വെള്ളി വരെയുള്ള എല്ലാ പ്രവൃത്തിദിവസങ്ങളിലും രാവിലെ 9.30 മുതൽ വൈകുന്നേരം 5.30 വരെയാണ്. റബ്ബർബോർഡിന്റെ വിവിധ പദ്ധതികൾ, സേവനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ അറിയുന്നതിനായി 0481 – 2576622 എന്ന കോൾസെന്റർ നമ്പരിൽ വിളിക്കാവുന്നതാണ്..

5. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 45 ദിവസം പ്രായമായ അത്യുൽപാദനശേഷിയുള്ള ബി.വി 380 ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കുഞ്ഞൊന്നിനു 160 രൂപയാണ് വില. മുൻകൂട്ടി ബുക്ക് ചെയ്തവർക്ക് നേരിട്ട് വന്നു വാങ്ങാവുന്നതാണ്. അല്ലാത്തവർ 9400483754 എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

6. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ നിന്നും ഉൽപാദിപ്പിക്കുന്ന 45 മുതൽ 60 ദിവസം പ്രായമുളള ബി.വി. 380 ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വാങ്ങുവാൻ **9495000923** എന്ന നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

7. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (ആഗസ്റ്റ് 26-ന്) രാവിലെ 11 മണിക്ക് **ആർക്കും കൂൺ കൃഷിചെയ്യാം** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ പരിശീലനം നടത്തുന്നു. https://www.facebook.com/fibkerala/ എന്ന ഫേസ്ബുക്ക് പേജിൽ കൂടി പരിശീലനം തത്സമയം വീക്ഷിയ്ക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

8. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ്ങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ ഇന്ന് (26.08.2021) രാവിലെ 10.30 മണി മുതൽ **നായ്ക്കളുടെ പ്രജനന പരിപാലനവും നായ്ക്കുട്ടികളുടെ പരിചരണവും** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChannel/live/ എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്.

**9.** കോഴിക്കോട് ഭാരതീയ സുഗന്ധവിള ഗവേഷണകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (26 ന്) രാവിലെ 10.10 മുതൽ **ആരോഗ്യദായകമായ ഭക്ഷണ ശീലങ്ങൾ & ജലസംരക്ഷണ കൃഷി രീതികൾ** എന്നീ വിഷയങ്ങളെ ആധാരമാക്കി ഓൺലൈൻ പരിശീലനം നടത്തുന്നു. https://meet.google.com/iom-kagf-dwy എന്ന ലിങ്കുപയോഗിച്ച് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

10. കോട്ടയം ജില്ലയിലെ കർഷക പരിശീലന കേന്ദ്രമായ കോഴ ആർ എ റ്റി റ്റി സിയുടെ ആഭിമുഖ്യത്തിൽ ഇന്ന് ( 26 ന്) ഉച്ചതിരിഞ്ഞ് 2 മണിമുതൽ **മണ്ണ് പരിശോധന ആവശ്യകതയും പ്രാധാന്യവും** എന്ന വിഷയത്തിൽ ഫേസ് ബുക്ക് ലൈവിലൂടെ പരിശീലനം നൽകുന്നു.

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

www.Facebook.com/rattckozhaofficial എന്ന ഫേസ് ബുക്ക് പേജിലൂടെ തത്സമയം പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

11. പാലക്കാട് ജില്ലയിലെ ആലത്തൂർ ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (26 ന്) രാവിലെ 11 മണി മുതൽ **സെക്ഷൻ 80** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി ഓൺലൈൻ പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ രാവിലെ 11 മണിയ്ക്ക് meet.google.com/uya-gywr-ugn എന്ന ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിശീലനത്തിൽ പ്രവേശിക്കാം. കൂടുതൽ വിവരങ്ങൾക്ക് **0492-2226040** എന്ന നമ്പരിലോ dtcalahur@gmail.com എന്ന മെയിലിലോ ബന്ധപ്പെടുക.

12. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയാടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ കർഷർക്കായി ഇന്ന് ( 26 ന്) **കാടവളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ 0479 2457778 എന്ന നമ്പരിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 04792 2452277 എന്ന ഫോൺ നമ്പരിലോ .ch.ahd@kerala.gov.in എന്ന മെയിലിലോ ബന്ധപ്പെടുക.

## കാർഷിക നിർദ്ദേശങ്ങൾ

13. നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ പടരാതെ നിയന്ത്രിക്കാൻ 20 ഗ്രാം പച്ച ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യാഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയതും ചേർത്ത് തളിക്കാവുന്നതാണ്.

14. നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ 2 മില്ലീ ലിറ്റർ മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക (ചാഴിക്കെതിരെ കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുൻപോ, വൈകിട്ട് 3 മണിക്കു ശേഷമോ ആയിരിക്കണം അല്ലെങ്കിൽ മരുന്നുതളി പരാഗണത്തെ പ്രതികൂലമായി ബാധിക്കും.